**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 912** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>തൃശ്ശൂർ-കുന്നംകുളം-കോഴിക്കോട് ഹൈവേയിലെ കേച്ചേരി ജംഗ്ഷൻ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ഗതാഗതക്കുരുക്ക് നിത്യസംഭവമായ തൃശ്ശൂർ-കുന്നംകുളം-കോഴിക്കോട് ഹൈവേയിലെ കേച്ചേരി ജംഗ്ഷൻ വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ കുറ്റിപ്പുറം പാതയിലെ റോഡിൻറെ വീതികൂട്ടി 4 വരിപാത ആക്കുന്ന പ്രവൃത്തിയ്ക്ക് DPR തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചിരുന്നു. ടി റോഡിന്റെ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി കിഫ്ബി ഉദ്യോഗസ്ഥർ, കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജനപ്രതിനിധി എന്നിവരുടെ യോഗത്തിൽ 22 മീറ്റർ വീതിയുമായി മുന്നോട്ട് പോകാൻ തീരുമാനം ഉണ്ടായി. എന്നാൽ പ്രവൃത്തിയുടെ DPR തയ്യാറാക്കിയത് 23 മീറ്റർ വീതി പരിഗണിച്ചായതിനാൽ പുതുക്കിയ DPR സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. നിലവിൽ, 22 മീറ്റർ വീതിയിൽ കല്ലിടൽ പ്രവൃത്തികളും, നിലവിലുള്ള DPR-ൻറെ ന്യൂനതകൾ പരിഹരിക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. തുടർന്ന്, 118.27 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിലേക്കു പുനഃസമർപ്പിക്കുകയും ചെയ്തു. എന്നാൽ, കുന്നംകുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ അവലോകന യോഗത്തിൽ കേച്ചേരി-അക്കിക്കാവ് ബൈപ്പാസ് റോഡിൻറെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ഉണ്ടാകുന്ന ഗതാഗത തടസ്സങ്ങൾ പരിഹരിക്കുന്നതിന് കേച്ചേരി ജംഗ്ഷൻ വികസനം അനിവാര്യമാണെന്ന് അഭിപ്രായപ്പെട്ടതു പ്രകാരം കേച്ചേരി ജംഗ്ഷൻ വികസനത്തിന് ആവശ്യമായ 15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശം നൽകി. ഇതേതുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയ്ക്ക് സമർപ്പിക്കുകയും ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിനു(TAR) മറുപടി സമർപ്പിക്കുന്നതിനായി കിഫ്ബി നിർദ്ദേശിക്കുകയും,TAR-നു മറുപടി കിഫ്ബിയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ശേഷം കേച്ചേരി ജംഗ്ഷൻ വികസനത്തിന്റെ ആദ്യഘട്ടമായ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്കായി ₹126.00 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകി. നിലവിൽ ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ ഭാഗമായുള്ള റെവന്യൂ ഓർഡർ ലഭിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു

**സെക്ഷൻ ഓഫീസർ**